




# മഴവില്ല്

ലിറ്റിൽ കൈറ്റ്സ് മാഗസിൻ

എം.ഐ.എച്ച്.എസ് പൂങ്കാവ്

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ശ്രീമതി. നിഷ . കെ . റ്റി |
| സ്റ്റുഡന്റ് എഡിറ്റർ | : | സാഹിത്യ ജയരാജ് |
| ചിത്രങ്ങൾ | : | അഭിനവ് കൃഷ്ണ. വി , മാക്സ്സൺ നെറോണ |

# കൃഷിക്കാരനും മക്കളും

ഒരിടത്ത് ഒരു കൃഷിക്കാരനുണ്ടായിരുന്നു. നല്ല പരിശ്രമശാലിയായിരുന്നു അയാൾ. ഒരു നിമിഷം പോലും വെറുതെ ഇരിക്കില്ല. സ്വന്തമായി ഒരു മുന്തിരിത്തോട്ടമുണ്ടായിരുന്നു അയാൾക്ക്. പക്ഷേ അയാളുടെ മകൻ മഹാ മടിയനായിരുന്നു. അവൻ അച്ഛനെ സഹായിച്ചതെ ഇല്ല. താൻ മരിച്ച പോയാൽ ഇവരുടെ ഗതി എന്താകും എന്നോർത്ത് അയാൾ വേവലാതിപ്പെട്ടു. അങ്ങനെ കാലം കഴിഞ്ഞു പോയി. ഒടുവിൽ ആ കൃഷിക്കാരനു വയസ്സായി. മരിക്കാനുള്ള സമയവും വന്നണഞ്ഞു. അയാൾ തൻ്റെ മകനോട് അവസാനമായി പറഞ്ഞു. "മുന്തിരി ത്തോട്ടത്തിൽ ഞാൻ ഒരു നിധി കുഴിച്ചിട്ടിട്ടുണ്ട്. അതെടുത്ത് സുഖമായി ജീവിക്കുക. അച്ഛൻ്റെ മരണശേഷം മകൻ മുന്തിരിത്തോപ്പ് മുഴുവൻ കിളച്ചു മറിച്ചു. നിധി കണ്ടില്ല. പക്ഷേ നന്നായി കിളച്ചതുകൊണ്ടു അക്കൊല്ലത്തെ വിളവു ഇരട്ടിയായി. അച്ഛൻ ഉദ്ദേശിച്ച നിധി എന്താണ് എന്നു മകനു മനസിലായി . അവനും അധ്വാനശീലമുള്ളവനായി മാറി.

ഗൗരി പാർവതി . എസ്

XD

# ലഹരി ആപത്ത്

മദ്യത്തിൻ്റെയും മയക്കമരുന്നിൻ്റെയും വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ. ഒരിക്കലും ഈ ആപത്തിൽപെട്ടുപോകരുത്. ശരിയല്ലാത്ത കൂട്ടുകെട്ടും ദുശ്ശീലങ്ങളും വളർത്തുന്ന സാഹചര്യവും ഒഴിവാക്കണം. മദ്യവും മയക്കമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും. കഴിവുകളെ നശിപ്പിക്കും. സ്നേഹബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഇല്ലാതാകും. മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും. സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി ഒന്നും ചെയ്യാനാവുകയില്ല. മയക്കമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന് നാം മുന്നിട്ടിറങ്ങണം. ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം അധ്യാപകരോടു പറയാൻ മടിക്കരുത്. "കാലിടറാതെ മുന്നോട്ട് "

അസ്ന നെൽസൺ

X B

# പുഴയുടെ വിരഹം

തേങ്ങുന്നു ഞങ്ങളിന്നു ആരുമറിയാതെ
കരയുവാൻ കണ്ണീര് പോലുമില്ല
എന്നുടെ വിരഹത്തെ ഓർക്കുന്നു എന്നും
എന്നിലെ പാപമെന്നറിയാതെ നിൽക്കുന്നു
ആദിത്യദേവൻ്റെ താപമോ വയ്യാതെ
ശേഷിക്കുമാ ജലം നീരാവിയായിട്ടുന്നു
ഉറ്റ ചങ്ങാതിയായ് കൂടെയുള്ളോരാ
വൃക്ഷങ്ങളിന്നോ നിലം പതിച്ചിട്ടുന്നു
എന്നുടെ അന്ത്യവും ഞാനിന്ന് കാണുന്നു
പരലോക വീഥിയിൽ ഇനിയെൻ്റെ യാത്ര
ഇന്ദ്രനോ കാണിയാതെ ഇനി എന്ത്?
നാമം ജപിക്കുന്ന പോലെയായി യാചന
ക്രൂരമാം പാപങ്ങൾ ചെയ്തീടും കൂട്ടരേ
ഓർക്ക നീ ഞങ്ങളുടെ വിരഹങ്ങളിന്നു
വെട്ടുന്നോരാ കരം വെട്ടികളയുക
വെട്ടാതെ നടുകയിനി ഒരു മരമെങ്കിലും
തേങ്ങുമീ ഞങ്ങളുടെ വേദനയറിഞ്ഞുകൊണ്ടാ-
ശ്വസിപ്പിക്കുവാൻ ഓടിയെത്താമോ?

ആരതി ദേവി ബി , XA

# മാഞ്ഞു പോയ സ്വപ്നം

മാഞ്ഞുപോയ കാലത്തിൻ
ഇന്നലകളെ ഞാനോർത്തു
അന്നുപെയ്ത തുലാമഴ
കണ്ടുഞാൻ മിഴിനിറച്ചു
പണ്ടുപാടിയ പാട്ടിലലിഞ്ഞെൻ
ഹൃദയം വിതുമ്പിത്തേങ്ങി
തേടിയ തീരങ്ങളെ പോലെയെൻ
കനലുകൾ മനസ്സിലെരിഞ്ഞിടുന്നു
കാലങ്ങൾ മായ്ക്കാത്ത
സൗഹൃദം തേടിയലഞ്ഞു ഞാൻ........

അമൽ കുര്യാക്കോസ്

XE

# അമ്മ

അമ്മയാണ് അമൃതം

അമ്മിഞ്ഞപ്പാലാണ് ഔഷധം

അമ്മയുടെ സ്നേഹം വിലപ്പെട്ടതല്ലേ

അമ്മയുടെ ഉമ്മ പ്രസദമല്ലേ

അമ്മയാണ് എന്നുടെ ദൈവം

അമ്മയുടെ അനുഗ്രഹം ദൈവവരം

അമ്മയാണ് എന്നുടെ ഗുരു

അമ്മയാണ് എന്നുടെ ശക്തി

അമ്മയുടെ മാർഗ്ഗം നന്മയുടെ മാർഗ്ഗം

അമ്മയാണ് ലോകത്തിനൈശ്വര്യം

അമ്മയെന്നത് രണ്ടക്ഷരമല്ല നന്മയുടെ

വലിയൊരക്ഷരമാണ് എന്നമ്മ .. ..

ദിലൻ ജോസഫ്

XE

# <u>ഉയരട്ടെ വെളിച്ചം</u>

ഇനിയും വരുമോ കരിമുകിലെ നീ..

ഇനിയും വരുമോ കരിമുകിലെ നീ..

നാളിൽ നാളിൽ ഉയരട്ടെ സ്വപ്നം

ഇവിടെ പുലരട്ടെ ഹൃദയ സ്പർശം ..

ഇനിയും വരുമോ കരിമുകിലെ

കുഞ്ഞോളങ്ങളിൽ ഉയരട്ടെ സ്വപ്നം

ദുരിതത്തിൽ നിന്നുയരുന്ന വെളിച്ചം

തെളിയുമോ നിലാവ്

പിറക്കട്ടെ കോടി സ്വപ്നം

ഉയരട്ടെ കോടി പ്രതീക്ഷ

ആദിൽ ബി തോമസ്

XA

# വളഞ്ഞ കൊമ്പിൻ അറ്റത്ത്

വളരെ പണ്ടൊരു കാലത്ത്
വഴിയേ പോയൊരു ചെമ്പോത്ത്
വളഞ്ഞു നീണ്ടൊരു കൊമ്പത്ത്
വെറുതെ കൊത്തിയ നേരത്ത്
വിളികേട്ടല്ലോ അരികത്ത്
വിറച്ചു പോയി ചെമ്പോത്ത്
വളഞ്ഞ കോമ്പിന്നകത്ത്
വലിയൊരു കൊമ്പൻ മാമത്ത്!

നോയൽ ഷിബു
XE

# <u>സൗഹൃദ ചെപ്പ്</u>

ഒരു കുട്ടി ഒരു ദിവസം കടൽത്തീരത്ത് നിൽക്കുകയായിരുന്നു. അപ്പോൾ ആ കുട്ടിയുടെ മുമ്പിൽ ഈശോ പ്രത്യക്ഷപെട്ടു. അന്നിട്ട് ആ കുട്ടിയോട് ചോദിച്ചു നിനക്ക് എത്ര സുഹൃത്തുക്കളെ വേണം എന്ന്. ആ കുട്ടിക്ക് സുഹൃത്തുക്കളെ വളരെ ഇഷ്ടമായിരുന്നു. ഈശോയോട് കുട്ടി പറഞ്ഞു എനിക്ക് നിറയെ സുഹൃത്തുക്കളെ വേണം എന്ന്. ഈശോ ചോദിച്ചു എത്ര നേരത്തേക്കാണ് നിനക്ക് സുഹൃത്തുക്കളെ വേണ്ടത് എന്ന്. ആ കുട്ടി ഒരു മണൽത്തരി എടുത്ത് കടലിലേക്ക് ഇട്ടിട്ട് പറഞ്ഞു ഇത് ഞാൻ എന്ന് കണ്ടെത്തുന്നുവോ അതുവരെ എനിക്ക് സുഹൃത്തുക്കളെ വേണമെന്ന്.

സെറിൻ പി ബിനു

XC

# പ്രസംഗവും പ്രവൃത്തിയും

കാട്ടിൽ ഒരു പൊതു സമ്മേളനം നടന്നു. പലരും പ്രസംഗിച്ചു. പ്രസംഗകരിൽ ഒരാളായിരുന്ന മുയൽ ആവേശത്തോടെ ഇങ്ങനെ പറഞ്ഞു.അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്. കിട്ടിയവർക്ക് കിട്ടി. ഇല്ലാത്തവർക്കില്ല എന്നതാണ് അവസ്ഥ. ഇക്കണക്കിനു പോയാൽ നാം എവിടെ ചെന്നെത്തുമെന്ന് അറിയില്ല. എല്ലാവർക്കും ന്യായമായ വിഹിതം അനുഭവിക്കാൻ അവസരമുണ്ടാകണം എന്നാണ് എൻ്റെ ശക്തമായ അഭിപ്രായം. അതിനുവേണ്ടി നാം പട പൊരുതുകയും വേണം. കൊള്ളാം. പ്രസംഗം പൊടിപൊടിപ്പനായിട്ടുണ്ട്. ഒരു സിംഹം കൈയടിച്ചു പറഞ്ഞു"രോമാവൃതമായ കാലുകൾ. പക്ഷെ അതിൽ ഞങ്ങൾക്കുള്ളതുപോലെ നീണ്ട നഖങ്ങൾ. നല്ല വായിൽ കൂർത്തപല്ലുകളും ഇല്ല എന്ന കുറ്റമേ പറയാനുള്ളു. "പ്രസംഗിക്കാൻ എളുപ്പമാണ്. പ്രവൃത്തിയിൽ കൊണ്ടുവരാൻ വേറെ ചില ഗുണങ്ങൾ കൂടി വേണം."

പ്രാർത്ഥന എസ് ജിത്ത്

XD

Thanks.........